II ഇ.ബി. XV- കേരള നിയമസഭ/IV-2

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2022 ഫെബ്രുവരി 23, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

3 (*31) <u>സിൽവർ ലൈൻ പദ്ധതിക്കായുള്ള വായ്പകൾ</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി

സൃഷ്ടിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുത്തിട്ടുള്ളതെന്നും സഭയെ അറിയിച്ചു. സിൽവർ ലൈൻ പദ്ധതിക്ക് വേണ്ടിവരുന്ന 63,941 കോടി രൂപയിൽ 33,700 കോടി രൂപ ADB, KWF, AIIB, JICA എന്നിങ്ങനെയുള്ള വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സമാഹരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും പദ്ധതി നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ള കെ-റെയിൽ സർക്കാർ ഗ്യാരന്റിയോടെ സമാഹരിക്കുന്ന വായ്പയിന്മേൽ സംസ്ഥാന ഗവൺമെന്റിന് നേരിട്ട് ബാധ്യത വരുന്നില്ലെന്നും കേന്ദ്ര ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുള്ള വിശദ പഠന റിപ്പോർട്ടിന് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ വായ്പാ വ്യവസ്ഥകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുകയുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. സിൽവർ ലൈൻ പദ്ധതി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുമെന്നും ഭൂമിയേറ്റെടുക്കലിന് വായ്പ അനുവദിക്കുന്നതിന് ഏജൻസിയെ നിശ്ചയിച്ചിട്ടില്ലെന്നും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ മാറ്റിവച്ചിട്ടില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4 (*32) <u>വൈദ്യുതചാർജ്ജ് വർദ്ധനവ്</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കുന്നതിനായി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുന്നതിനുപുറമെ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ ചെയ്യുകയും ലോക്ക്ഡൗൺ കാലയളവിൽ ബിൽ തുക ഒടുക്കുന്നതിൽ ഇളവുകൾ നൽകി തവണകളായി അടയ്ക്കാനുള്ള സൗകര്യമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള വൈദ്യുതി പോസ്റ്റുകളുടെ വാടക, പലിശ കൂടാതെ അടയ്ക്കുന്നതിന് 31.08.2021 വരെ സമയം അനുവദിക്കുകയുണ്ടായെന്നും ദീർഘകാലമായുള്ള കുടിശ്ശിക തീർക്കുന്നതിന് സർക്കിൾതലത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായി സമിതി രൂപീകരിച്ചിട്ടുണ്ടെന്നും ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ളവരുടെ താരിഫ് പരിഷ്കരിക്കുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടെന്നും പൊതുജനാഭിപ്രായം തേടിയതിനുശേഷം

മാത്രമേ വർദ്ധനയുടെ കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുകയുള്ളൂവെന്നും ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിവരുന്ന സബ്സിഡി നിലനിർത്തി അധികഭാരം ലഘൂകരിക്കുന്നതിന് ശ്രമിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കുടിശ്ശിക പിരിച്ചെടുക്കലും താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത അക്കൗണ്ടിംഗ് സമ്പ്രദായമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികൾക്ക് ബിൽ ഇളവ് അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും വൈദ്യുതി അപകടങ്ങളിൽ മരണപ്പെടുന്നവർക്ക് കാലതാമസമില്ലാതെ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സൗരോർജ്ജ വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രമങ്ങൾ നടത്തിവരികയാണെന്നും 'കുസുമം' പദ്ധതി വ്യാപകമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കർഷകർക്ക് വൈദ്യുതി ചാർജ്ജിളവ് ലഭിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സംവിധാനമേർപ്പെടുത്തുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

5 (*33) <u>സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സംവിധാനം</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്താനും ക്രമക്കേടുകൾ ഇല്ലാതാക്കാനും ഓഡിറ്റ് സംവിധാനം ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സഹകരണ രംഗത്തെ ക്രമക്കേടുകൾ ക്രിമിനൽ നടപടി നിയമപ്രകാരം അന്വേഷിക്കുന്നതിനും കണക്കുകൾ തയ്യാറാക്കുന്നതിനും സഹകരണ നിയമത്തിൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തി കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകുകയും സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ ഏർപ്പെടുത്തുകയും www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായ രീതിയിൽ നടത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ഓഡിറ്റ് ഏകീകരിക്കുന്നതിനും സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം ലക്ഷ്യമിട്ട് ആധുനിക സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിനും ആകർഷകമായ പലിശ നിരക്കുകൾ ഏർപ്പെടുത്തി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനും വസ്തു ജാമ്യത്തിലുള്ള വായ്പാ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. 'മുറ്റത്തെ മുല്ല' പദ്ധതി സംസ്ഥാന വ്യാപകമാക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ വിപണനം ഉറപ്പുവരുത്തുന്നതിന് 'ഗ്രാമീണ ചന്തകൾ' ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇൻകം ടാക്സ് നിയമത്തിലെ 194 A, 194 N എന്നീ ഭേഗതികൾക്കെതിരെ അനുകൂല ഉത്തരവുകൾ നേടുകയും ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കോർ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, തുടങ്ങിയ ആധുനിക സംവിധാനങ്ങൾ കേരള ബാങ്കിൽ ഏർപ്പെടുത്തുമെന്നും 'പുനർജനി' പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും സഹകരണ മേഖലയിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 14-ഓളം എസ്.സി./എസ്.ടി. യുവജന സഹകരണസംഘങ്ങൾ രൂപീകരിക്കാൻ

നടപടികളാരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.